ഉത്തരം

(എ) സർക്കാർ സംസ്ഥാനത്ത് 7888.4171 ഏക്കർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) 58,11,18,993 (അൻപത്തി എട്ട് കോടി പതിനൊന്ന് ലക്ഷത്തി പതിനെണ്ണായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി മൂന്ന് രൂപ). 2013 മാർച്ച് 31 വരെ 60.18 കോടി പാട്ടകുടിശ്ശികയുള്ളതായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും സർക്കാരിന് തിരിച്ചുനൽകിയിട്ടില്ലാത്ത 2129 കേസുകൾ നിലവിലുണ്ട്. ഇപ്രകാരം 1231.4562 ഏക്കർ ഭൂമി തിരിച്ച് പിടിക്കേണ്ടതായിട്ടുണ്ട്.

(ഡി) പാട്ടനിരക്ക് ഏറ്റവുമൊടുവിൽ പുതുക്കിയത് 14-5-2004-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 126/2004/ആർ.ഡി. പ്രകാരമാണ്. പാട്ടവാടക നിരക്ക് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

ഇടുക്കിയിലെ സർക്കാർ ഭൂമി കയ്യേറ്റങ്ങൾ

188 (1268) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ സർക്കാർ ഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഈ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് നിയമ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) എത്തെങ്കിലും നടപടി കോടതി ഇടപെടലിനെ തുടർന്ന് നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ കാഞ്ചിയാർ വില്ലേജിലെ വാഴൂർ, കൊട്ടക്കാമ്പൂർ വില്ലേജുകളിലെയും സർക്കാർ ഭൂമികളിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ഡോ. നിവേദിത പി. ഹരൻ 23-10-2014-ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും തുടർനടപടികൾ സംബന്ധിച്ച് 16-2-2015-ൽ സ.ഉ.(കൈ) നമ്പർ 69/15/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു അന്വേഷണ സംഘം ഇടുക്കി ജില്ലയിലെ വിവിധ റവന്യൂ ഓഫീസുകളിലെ റിക്കാർഡുകൾ പരിശോധിച്ചു വരുന്നതായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ബഹുമാനപ്പെട്ട കോടതി ഇടപെടലിനെത്തുടർന്ന് പ്രസ്തുത റിപ്പോർട്ടുമായി ബന്ധപ്പെട്ട തുടർനടപടികൾക്ക് തടസ്സം ഉണ്ടായിട്ടില്ല.

വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി

189 (1269) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ഇക അനുവദിച്ച് പ്രവൃത്തി പൂർത്തീകരിച്ച ഇനത്തിൽ നൽകാനുള്ള കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏത് മാസം വരെയുള്ള തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര മാസം വരെയുള്ള കുടിശ്ശിക ഇനിയും നല്കാനുണ്ടെന്നുള്ള ജില്ല തിരിച്ച കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.

കെട്ടിട നികുതി

190 (1270) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ഇക കെട്ടിട നികുതിയിനങ്ങളിൽ വസൂലാക്കിയിട്ടുണ്ടെന്നുള്ള വിവരം ജില്ല, ഇനം എന്നിവ തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) നിലവിൽ എത്ര ഇക കുടിശ്ശികയിനത്തിൽ കെട്ടിടനികുതിയിനമായി പിരിക്കുന്നതിനുണ്ടെന്നും ആയതിൻമേൽ കോടതി/മറ്റ് ഉത്തരവുകൾ നിലനിൽക്കുന്ന എത്ര കേസ്സുകൾ ഉണ്ടെന്നും ഉള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly